**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - പെരിങ്ങനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.2706-ന് അനുവദിച്ചിരുന്ന എൻ.സി.ഡി.സി. ധനസഹായം ഡി- സാങ്ഷൻ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.285/2025/Co-Op തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-
1. 25/02/2020 ലെ എൻ.സി.ഡി.സി. 59-2/2019 (റ്റി.വി.എം)/264/എസ്.എ. 90150 നം. കത്ത്
2. സഹകരണ സംഘം രജിസ്ട്രാറുടെ 22/06/2020 ലെ പി&എം എ (3)2657/18 നം. കത്ത്
3. 26.08.2020 ലെ ബി3/243/2020/സഹ നം. സർക്കാർ കത്ത്
4. 09/05/2024 ലെ എൻ.സി.ഡി.സി. 34-1/2017(റ്റി.വി.എം) നം.കത്ത്
5. സഹകരണ സംഘം രജിസ്ട്രാറുടെ 15/05/2025 ലെ പി & എം.എ(3) 12282/24 നം.കത്ത്

**<u>ഉത്തരവ്</u>**

പെരിങ്ങനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.2706-ന് ബാങ്ക് കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിനുള്ള ധനസഹായമായി എൻ.സി.ഡി.സി. യുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 17.775 ലക്ഷം രൂപ (ഓഹരി-7.90 ലക്ഷം രൂപ, വായ്പ-9.875 ലക്ഷം രൂപ) പരാമർശം (1) പ്രകാരം എൻ.സി.ഡി.സി. അനുവദിച്ചു നല്കിയിരുന്നു. ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 6.42 ലക്ഷം രൂപ അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ പ്രൊപ്പോസൽ സമർപ്പിക്കുകയും എന്നാൽ, പ്രൊപ്പോസൽ പുതുക്കിയ മാനദണ്ഡ പ്രകാരമല്ലാത്തതിനാൽ അപ്രകാരം മാറ്റം

വരുത്തി സമർപ്പിക്കുവാൻ പരാമർശം (3) പ്രകാരം സർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

2. തുടർന്ന്, പെരിങ്ങനാട് സർവ്വീസ് സഹകരണ ബാങ്ക് നബാർഡ് വഴി കേരള സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും എസ്.ആർ.എഫ്. വായ്പ എടുത്ത് ബാങ്കിന്റെ പണികൾ പൂർത്തീകരിച്ചിട്ടുള്ളതിനാൽ എൻ.സി.ഡി.സി. യുടെ അടിസ്ഥാനസൗകര്യവികസന പദ്ധതി പ്രകാരം ടി സംഘത്തിന് ധനസഹായം അനുവദിക്കേണ്ടതില്ലെന്ന് സംഘം ഭരണസമിതി തീരുമാനമെടുത്തതായും ആയതിനാൽ സംഘത്തിന് അനുമതി ലഭിച്ച എൻ.സി.ഡി.സി. ധനസഹായം ഡീ-സാങ്ഷൻ ചെയ്യുന്നതിനുള്ള അപേക്ഷ എൻ.സി.ഡി.സി. യ്ക്ക് നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ ടി സംഘത്തിന്റെ കെട്ടിട-പുനരുദ്ധാരണത്തിനുള്ള ധനസഹായമായി എൻ.സി.ഡി.സി. യുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 17.775 ലക്ഷം രൂപ (ഓഹരി-7.90 ലക്ഷം രൂപ, വായ്പ-9.875 ലക്ഷം രൂപ) ധനസഹായം ഡീ-സാങ്ഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (5) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരിങ്ങനാട് സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ.2706-ന് അനുമതി ലഭിച്ചിരുന്ന എൻ.സി.ഡി.സി. ധനസഹായമായ 17.775 ലക്ഷം രൂപ (ഓഹരി-7.90 ലക്ഷം രൂപ, വായ്പ-9.875 ലക്ഷം രൂപ) ഡീ-സാങ്ഷൻ ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

4. എൻ.സി.ഡി.സി. ധനസഹായം അനുവദിക്കുന്നതിനായി പ്രപ്പോസലുകൾ ഭാവിയിൽ സമർപ്പിക്കുമ്പോൾ 17.09.2021 ലെ 77/2021/ധന നമ്പർ പരിപത്രം പ്രകാരമുള്ള നിബന്ധനകൾ സഹകരണ സംഘം രജിസ്ട്രാർ കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അമൃത്‌ലാൽ എ ആർ

ജോയിന്റ് സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,

തിരുവനന്തപുരം.

റീജിയണൽ ഡയറക്ടർ, എൻ.സി.ഡി.സി. റീജിയണൽ ഓഫീസ്,

തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/101/2025/ധന)

വെബ് & ന്യൂ മീഡിയ, കരുതൽ ഫയൽ (ബി3/243/2020/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
സെക്ഷൻ ഓഫീസർ.
Date: 13-06-2025 12:34:47

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.